بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 11/12/2015

**(28 SAFAR 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "TV'S HARMFUL EFFECTS" PART 2 / ടി.വിയുടെ ദുസ്വാധീനങ്ങൾ

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം , അല്ലാഹുവിനെയും അവന്റെ ഖലീഫയെയും അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അൽപ്പനേരം സംസാരിച്ച ശേഷം ടെലിവിഷന്റെ ദുസ്വാധീനങ്ങളെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ രണ്ടാം ഭാഗത്തിലേക്ക് പ്രവേശിക്കുകയുണ്ടായി.

**അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കേണ്ടതിന്റെ ആവശ്യകത**

അല്ലാഹുവിനെയും അവന്റെ ഖലീഫയെയും അനുസരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വളരെ ശക്തമായി ഊന്നിപ്പറയുകയുണ്ടായി. അതിലാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ യഥാർത്ഥ മോക്ഷം കുടി കൊള്ളുന്നത്. ഖലീഫത്തുല്ലാഹ്‌യ്ക്ക് പ്രയാസമുണ്ടാക്കുന്ന യാതൊരു പ്രവർത്തിയും ഒരു യഥാർത്ഥ വിശ്വാസി ചെയ്യുകയില്ല.അല്ലാഹുവിനെയും അവന്റെ ഖലീഫയെയും യഥാർത്ഥത്തിൽ സ്നേഹിക്കുന്നവർ, അല്ലാഹുവിനെയും അവന്റെ ഖലീഫയെയും എപ്പോഴും അനുസരിക്കുന്നതാണ്.

ഹുസൂർ (അ) വിശദീകരണങ്ങൾ നൽകുന്നതിനിടയിൽ പറയുകയുണ്ടായി, ഞാൻ നിങ്ങൾക്കു നൽകുന്ന ഈ കാര്യങ്ങൾ അല്ലാഹു (ത) എനിക്ക് വെളിവാക്കി തരുന്നതാണ്. ഈ ദൈവീക ദൃഷ്ടാന്താരംഭം മുതൽ ഞാൻ നൽകുന്ന വിശദീകരണങ്ങൾ, ഏതെങ്കിലും ഒരു ജും ആ ഖുത്തുബ നിർവ്വഹിക്കുന്നതിന് മുമ്പ് (അഥവാ ഒരു പ്രഭാഷണം നൽകുന്നതിന് മുമ്പ്) അദ്ദേഹം ഇത് സംബന്ധമായി അല്ലാഹുവിനോട് ചോദിക്കുകയും ഏത് വിഷയത്തെക്കുറിച്ചാണ് ജനങ്ങളോട് പൊതുവിലും ജമാഅത്തിനോട് പ്രത്യേകിച്ചും പറയേണ്ടത്. എന്നാരായുകയും, അൽഹംദുലില്ലാഹ്, അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിൽ നിന്നുള്ള നിർദ്ദേശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. 2015 ഡിസംബർ 11 ന് ഖുത്തുബ വേളയിൽ ഇംഗ്ലീഷിൽ ഒരു വെളിപാട് ലഭിക്കുകയുണ്ടായി. **"ഈ വാക്കുകൾ അല്ലാഹുവിൽ നിന്നും വരുന്നതാണ്. ഈ വാക്കുകൾ മുനീർ അഹ്മദ് അസീമിന്റെ വാക്കുകളല്ല"** ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ദേശീയ അന്തർദേശീയ തലങ്ങളിലെ ഓരോ അംഗവും പുരുഷനാവട്ടെ സ്ത്രീ ആകട്ടെ അവർ അവരുടെ വിശ്വാസത്തിൽ എന്നെന്നും ഉറച്ചു നിൽക്കേണ്ട ആവശ്യകതയെപ്പറ്റി ഹുസൂർ തറപ്പിച്ചു പറയുകയുണ്ടായി. ഇസ്ലാമിന്റെ യഥാർത്ഥ ഭാവങ്ങൾ അവരിലൂടെ പ്രകടമാക്കേണ്ടതാണ്. നമ്മുടെ വിശ്വാസ സംഹിതയിലെ പ്രധാന തടസ്സങ്ങളായ പാരുഷ്യവും, നിസ്സാര പ്രശ്നങ്ങളിലുള്ള ഈഗോയും ഉപേക്ഷിക്കേണ്ടതാണ്. പാരുഷ്യം ഒരുവന്റെ വിശ്വാസത്തെ ഇല്ലാതാക്കുന്നു. പരുഷ സ്വഭാവമുള്ളവർ ജമാഅത്തിൽ നിന്നും, ദൈവീക ദൃഷ്ടാന്തത്തിൽ നിന്നും പുറത്തു പോയവനെപ്പോലെയാണ്. അവൻ അല്ലാഹുവിനും അവന്റെ ദൂതനും, അവന്റെ ജമാഅത്തിനും പ്രശ്നം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഹുസൂർ (അ) പറയുകയുണ്ടായി അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കാത്തവർ, പകരം തങ്ങളുടെ വലിപ്പം കാണിക്കുവാൻ ശ്രമിക്കുന്നവർ, ദൈവീക ദൃഷ്ടാന്തത്തെ ഉപേക്ഷിച്ചവരെ പോലെതന്നെയാണ്. അല്ലാഹു (ത) പരുഷ സ്വഭാവമുള്ളവരെ സ്നേഹിക്കുന്നില്ല.

ദൈവീക ദൃഷ്ടാന്തത്തെ ഉപേക്ഷിച്ചു പോയവരുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുവാൻ സദസ്സിനോടു ആവശ്യപ്പെടുകയുണ്ടായി. അവരോ ദൈവീക വചനങ്ങൾ എഴുതിവച്ചവരാണ്, ഇന്നവർ എവിടെയാണ് ? ആരംഭത്തിൽ തന്നെ അല്ലാഹുവിന്റെ വെളിപാടുകളെയും അടയാളങ്ങളെയും നിരസിച്ചവരുടെ

സ്ഥിതിയും എന്താണെന്ന് ആലോചിക്കുക. മൗറീഷ്യസിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ശതവാർഷിക ആഘോഷങ്ങളിൽ, അവർ തെരഞ്ഞെടുത്ത, അവരുടെ ഖലീഫ എത്തിച്ചേർന്നില്ല. ഇതവരെ എത്രമാത്രം വിഷമിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മൗറീഷ്യസ് അഹ്മദികൾ, ശതവാർഷിക ആഘോഷങ്ങളിൽ പങ്കെടുക്കുവാനും അവരുടെ ഖലീഫയുമായി ചേരുവാനും എത്തിച്ചേരുകയുണ്ടായി. എന്നാൽ എല്ലാം നിഷ്ഫലമായി.

എന്നാൽ അല്ലാഹു (ത) ഈ ആഘോഷങ്ങൾ നടത്തുവാൻ അവന്റെ ഖലീഫയെ തന്നെയാണ് തെരഞ്ഞെടുത്തത്. അവന്റെ സഹായത്താൽ ശതവാർഷിക ആഘോഷങ്ങൾ ഭംഗിയായി സംഘടിപ്പിക്കുകയുണ്ടായി. **നിങ്ങളുടെ കണ്ണുകൾ ഇതൊന്നും കാണുന്നില്ലേ ? നിങ്ങൾ അന്ധരായി പോയോ ? നിങ്ങൾക്ക് ഈ അടയാളങ്ങളൊന്നും തിരിച്ചറിയുവാൻ കഴിയുന്നില്ലന്നോ ? നിങ്ങൾ നിങ്ങളെന്ന ഭാവത്തിൽ അഹങ്കരിക്കുകയാണോ? നിങ്ങൾ ഇപ്പോഴും നിസ്സാര കാര്യങ്ങളിൽ വഴക്കടിച്ചുകൊണ്ടിരിക്കുകയാണോ ? അല്ലാഹുവിന്റെ ദൂതനെയും അല്ലാഹുവിന്റെ ജമാഅത്തിനെയും സമ്മർദ്ദത്തിലാക്കാമെന്ന് കരുതുകയാണോ ? ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഐക്യത്തിന്റെ ആവശ്യകതയെപ്പറ്റി പറഞ്ഞത് കേട്ടില്ലെന്നുണ്ടോ ? നമുക്ക് പുരോഗതി നേടാൻ നാം ഒന്നായി നിൽക്കണം, നിസ്സാര കാര്യങ്ങൾ പറഞ്ഞ് നിങ്ങൾ ഭിന്നിച്ചു പോകരുത്. ഇതൊന്നും നിങ്ങൾ മനസ്സിലാക്കിയിട്ടില്ലേ ? ഹുസൂർ പറയുന്നു വാഗ്ദത്ത മസീഹ് (അ) ന്റെ ജമാഅത്ത് എന്ന നിലയിൽ നാം (അഹ്മദികൾ) കരുതി സ്വർഗ്ഗത്തിൽ പോകുന്ന 73–ാമത്തെ കക്ഷി നമ്മളാണെന്ന് ! ഇത് നാം പറഞ്ഞ നമ്മുടെ വിധിയാണ് ; ഇത് നമുക്കൊരിക്കലും പറയുവാൻ കഴിയില്ല.**

ഖലീഫത്തുല്ലായുടെ പ്രാധാന്യത്തെക്കുറിച്ച്, ജമാഅത്ത് അംഗങ്ങളെയും ലോക ജനതെയും മനസ്സിലാക്കി കൊടുക്കുന്നതിന് പല സംഭവങ്ങളും വിവരിക്കുകയുണ്ടായി. ഒരു ഖുദ്സി ഹദീസിൽ വന്നിരിക്കുന്നു" **ഹേ! ആദം സന്തതികളെ, ഞാൻ നിങ്ങളോട് ആഹാരം ചോദിച്ചു നിങ്ങൾ എനിക്ക് നൽകിയില്ല. അവൻ മറുപടി പറയും അല്ലയോ രക്ഷകാ ! സർവ്വലോക രക്ഷിതാവായിരിക്കെ ഞാൻ എങ്ങനെയാണ് നിനക്ക് ആഹാരം നൽകുന്നത് ? അപ്പോൾ അല്ലാഹു പറയും നിനക്കറിയില്ലേ ? എന്റെ ഇന്നയിന്ന സേവകന്മാർ നിന്റെയടുത്തു വന്ന് ആഹാരം ചോദിച്ചു. നീ കൊടുത്തില്ല. നീ അപ്രകാരം ആഹാരം കൊടുത്തിരുന്നുവെങ്കിൽ അതിന്റെ പ്രതിഫലം നിശ്ചയമായും എന്റെ അടുത്ത് ഉണ്ടാകുമെന്നറിഞ്ഞില്ലേ ? ഹുസൂർ പറഞ്ഞു. അല്ലാഹുവിന്റെ ഒരു നിസ്സാര സേവകന്റെ കാര്യത്തിൽ, അല്ലാഹുവിന്റെ സമീപനം ഇതാണെങ്കിൽ, നിങ്ങളൊന്നാലോചിച്ച് നോക്കൂ. അല്ലാഹുവിന്റെ ദൂതനെ/ഖലീഫത്തുല്ലാഹ്‌യെ അനുസരിക്കാത്തതിന്റെ ഗൗരവം എത്ര വലുതായിരിക്കുമെന്ന് ? എത്ര ഭയാനകമായിരിക്കുമെന്ന് ?**

ഖുത്തുബ നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ, ഖലീഫത്തുല്ലാഹ്‌യുടെ അറിവിൽപ്പെടാത്ത, ഒരു സംഭവ ചരിത്രത്തെ ദൈവീക വെളിപാടിലൂടെ നൽകുകയുണ്ടായി. **"ഒരിടത്ത് ഒരു ദിവ്യൻ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ ഒരു വലിയ്യ് ആയിരുന്നു. വൃക്ഷത്തണലിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ആ ദിവ്യൻ തന്റെ പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കാതെ, തന്റെ കണ്ണുകൾ അങ്ങുമിങ്ങും പരതി നടക്കുകയായിരുന്നു. ജനങ്ങൾ എന്താണ് ചെയ്യുന്നതെന്ന് തിരയുകയായിരുന്നു. ഒരു യുവാവ് ഒരു സ്ത്രീയോടൊപ്പം നദിക്കരയിൽ ഒരു മതിലിൽ ഇരിക്കുകയായിരുന്നു. അവരുടെ കയ്യിൽ കുപ്പിയും ഗ്ലാസുകളും ഉണ്ടായിരുന്നു. വലിയ്യുല്ലാഹ് അവരെ സംശയത്തോടെ വീക്ഷിച്ചു. അദ്ദേഹത്തിന്റെ നാവ് ദൈവ സ്മരണയിലും പ്രാർത്ഥനയിലുമാണെന്ന വ്യാജേന ! അദ്ദേഹം കരുതി അദ്ദേഹം വളരെ ഉന്നത നിലവാരത്തിൽ ഉള്ളവനും, ഇതരർ, രണ്ട് പേരും പാപം ചെയ്യുന്ന മോശപ്പെട്ടവരുമാണെന്ന് ! പെട്ടെന്ന് ഒരു കരച്ചിൽ കേട്ടു. ആ സ്ത്രീയും പുരുഷനും പെട്ടെന്ന് എഴുന്നേറ്റ് നദിയിൽ മുങ്ങി താണുകൊണ്ടിരുന്ന ഒരു സംഘം ആളുകളെ രക്ഷപ്പെടുത്തുവാനായി ശ്രമിക്കുകയുണ്ടായി. എന്നാൽ വലിയ്യുല്ലാഹ് വെറുതെ നോക്കിയിരിക്കുകമാത്രമാണ് ചെയ്തത്. ഓരോരുത്തരും മൂന്ന് പേരെ വീതം രക്ഷപ്പെടുത്തി. നദിയിൽ നിന്നും അവരെ വലിച്ചു കരയിലെത്തിക്കുകയുണ്ടായി. അപ്പോഴും വലിയ്യുല്ലാഹ് നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആ യുവാവ് അദ്ദേഹത്തിന്റെ അടുത്ത് വന്ന് പറഞ്ഞു നിങ്ങൾ ഞങ്ങളിലുള്ള രഹസ്യങ്ങൾ ചോർത്താനുള്ള ശ്രമത്തിലായിരുന്നു. മറിച്ച് നിങ്ങൾ നന്മയിലായിരുന്നുവെങ്കിൽ, നിങ്ങൾ പോയി അവരെ രക്ഷിക്കേണ്ടതായിരുന്നു. നിങ്ങൾ അല്ലാഹുവിന്റെ പേര് ഉച്ചരിക്കുകയും ചെയ്യുന്നു. എന്നെ തെറ്റായ നിലയിൽ വിധിച്ചതുമൂലം നിങ്ങൾ ഒരു വലിയ അപരാധമാണ് ചെയ്തത്. ആ സ്ത്രീ**

**ആരാണെന്നറിയാമോ ? ആ സ്ത്രീ എന്റെ മാതാവാണ്. ചെറുപ്പത്തിലെ എന്റെ മാതാവ് വിവാഹിതയായി. എന്നെ പ്രസവിച്ചു. അവർ ഇപ്പോഴും ചെറുപ്പമായി തന്നെ ഇരിക്കുന്നു. കുപ്പിയിൽ നിറച്ചിരിക്കുന്നത് മദ്യമാണെന്ന്നി ങ്ങൾ കരുതി. ആ കുപ്പിയിൽ നദീജലമാണ്. എന്റെ മാതാവും ഞാനും അതിൽ നിന്നും ഓരോ തുള്ളി ജലം കുടിക്കുമ്പോഴും അല്ലാഹുവിന്റെ ഔദാര്യത്തെക്കുറിച്ചുള്ള ജാഗ്രതാവസ്ഥയിലായിരുന്നു''**

ഇക്കാലത്ത് ചിലർ തങ്ങളെ നല്ലവരായി കാണുകയും മറ്റുള്ളവർ മോശക്കാരാണെന്ന് വിധിക്കുകയും ചെയ്യുന്നു. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഉമ്മത്താണ് ഈ ദുരന്തത്തിലകപ്പെട്ടിരിക്കുന്നത്. ഓരോ വ്യക്തിയും / ജനതയും / സംഘവും / ജമാഅത്തും ഇന്ന് വിഭജിക്കപ്പെടുകയാണ്. മറ്റുള്ളവരെക്കാൾ തങ്ങൾ ശ്രേഷ്ടരാണെന്ന് അവകാശപ്പെടുന്നു. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഏറ്റവുമധികം ഭയന്ന ഒരു കാര്യവും ഇതായിരുന്നു. തന്റെ വിടവാങ്ങൽ ഹജ്ജ് സമ്മേളനത്തിൽ പറഞ്ഞു. **''ഒരാളും താൻ മറ്റൊരാളെക്കാൾ ശ്രേഷ്ഠ നാണെന്ന് കരുതരുത്''** തന്റെ ജീവിത കാലത്ത് പ്രാർത്ഥനാ സമയത്ത് തോളുകൾ നേരെയും പ്രാർത്ഥിക്കു ന്നവർ ചേർന്നും നിൽക്കണമെന്ന് പറയുകയുണ്ടായി. പ്രാർത്ഥനയ്ക്ക് മുമ്പ് അങ്ങനെയാണോ തന്റെ അനു യായികൾ നിൽക്കുന്നതെന്ന് തിരിഞ്ഞു നോക്കുമായിരുന്നു. അല്ലാഹുവിന്റെ എല്ലാ പ്രവാചകന്മാരെയും പോലെ, ഓരോ അണിയും നേരെയാക്കുന്നതിന് ഒരാളെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. നിശ്ചിത അകലത്തിൽ വരിവരിയായി ആളുകൾ നിൽക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിയിരുന്നു. നമസ്കാ രത്തിൽ എല്ലാ ചലനങ്ങളും ശരിയായ നിലയിലായിരിക്കണമെന്ന് അദ്ദേഹം കാണിച്ചുകൊടുത്തിരുന്നു. ഓരോ വിശ്വാസിയും സ്വയം ശുദ്ധിയും വൃത്തിയുമുള്ളവനായിരിക്കുവാൻ പരിശ്രമിക്കേണ്ടതാണ് എന്നുപദേശിച്ചു. 2000 ത്തിനു മുൻപ് ലഭിച്ച ഒരു വെളിപാട് ഹുസൂർ (അ) ഓർക്കുകയുണ്ടായി. മഞ്ഞുകൊണ്ട് ഹൃദയ ശുദ്ധീകരണം നടത്തിയ ഒരു പ്രാർത്ഥനാരൂപം അല്ലാഹു വെളിപാട് രൂപത്തിൽ കാണിക്കുകയുണ്ടായി. **'' അല്ലാഹുവെ എന്റെ ഹൃദയത്തെ മഞ്ഞുതുള്ളികൊണ്ട് ശുദ്ധീകരിച്ചാൽ ''** ഹൃദയം സംശുദ്ധമായ കണ്ണാടി പോലെയായിരിക്കണം നമ്മെപ്പറ്റിയുള്ള നമ്മുടെ ചിത്രം അതിൽ പ്രതിബിംബിക്കണം. ഓരോ വ്യക്തിയും തങ്ങ ളുടെ തെറ്റുകൾ മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. എന്നിട്ട് സ്വയം സംസ്ക്കരിക്കേണ്ടതാണ്. എന്നിട്ട് ഹുസൂർ പറഞ്ഞു മുഹമ്മദ് (സ) ആകുന്നു നമ്മുടെ മാതൃകാ പുരുഷൻ. വാഗ്ദത്ത മഹ്ദി (അ) ന് നമ്മുടെ നബി കരീമിനോട് അതിയായ സ്നേഹ വായ്പായിരുന്നു. അദ്ദേഹം അനേകം കവിതകൾ അദ്ദേഹത്തെക്കു റിച്ച് എഴുതുകയുണ്ടായി. ആയതിനാൽ നാം അദ്ദേഹത്തെ പിൻതുടരേണ്ടതുണ്ട്. സ്ത്രീകളും പെൺകു ട്ടികളും വിശ്വാസികളുടെ മാതാക്കളെയും പിൻതുടരേണ്ടതുണ്ട്/ പ്രവാചക പ്രഭു (സ) യുടെ ഭാര്യമാരുടെ മാതൃക ! അനന്തരം തഖ്‌വയെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ചിലപ്പോൾ ഒരു വിശ്വാസി ശരിയായ പാത യിലായിരിക്കാം. എന്നാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഏകത നിലനിർത്താനായി, താൻ തെറ്റിലാണെന്ന് സമ്മതിക്കുന്നു. (അദ്ദേഹം തെറ്റിലല്ലെങ്കിൽ പോലും) സമാധാനം സ്ഥാപിക്കാനായി ഹുസൂർ പറഞ്ഞു ഇത്തരം ആളുകളെ അല്ലാഹു ഉയർത്തുകയും, പിൻതാങ്ങുകയും തഖ്‌വയുടെ നിലവാരം ഉയർത്തുകയും ചെയ്യു ന്നു. ഹുസൂർ ദൈവീക ദൃഷ്ടാന്താരംഭത്തിലെ ഓർമ്മകൾ പുതുക്കിക്കൊണ്ടു പറഞ്ഞു. ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെ അവിശ്വസിച്ചവർ (അതായത് മൗറീഷ്യസിലെ അഹ്മദികൾ) എന്നെ വ്യക്തിഹത്യ നട ത്തുവാൻ എല്ലാവിധ പദ്ധതികളും ആസൂത്രണം ചെയ്യുകയുണ്ടായി. ഈ പ്രയാസങ്ങൾക്ക് മുമ്പ് തന്നെ അല്ലാഹു വെളിപാട് നൽകിയത് വെറുതെയല്ല. അല്ലാഹു തെരഞ്ഞെടുത്ത ദാസനോട് അല്ലാഹുവിലേക്ക് തിരിയുവാനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയുണ്ടായി. ലക്ഷ്യം അല്ലാഹു മാത്രമായിരിക്കണം. മുൻഗണനയും അല്ലാഹുവിനായിരിക്കണം. അതിമനോഹരമായ ക്ഷമയും കൈക്കൊള്ളണം. അവരുടെ ദുർനടപടികൾക്കെ തിരിൽ വിപ്ലവമല്ല, ക്ഷമയാണ് അവലംബിക്കേണ്ടതെന്ന് അല്ലാഹു (ത) നേരത്തെ പഠിപ്പിക്കുകയുണ്ടായി. ഹുസൂർ പറഞ്ഞു ഈ ക്ഷമ എന്നെ അല്ലാഹു (ത) ഖലീഫത്തുല്ലാഹ്‌യുടെ പദവിയിലേക്ക് ഉയർത്തിയിരി ക്കുകയാണ്. ഇത് നിങ്ങൾക്ക് വേണോ ? അതോ വേണ്ടയോ ? ലോകത്തിലെ മുഴുവൻ ജനതയ്ക്കുമായി, വിശിഷ്യാ മുസ്ലീങ്ങൾക്കു വേണ്ടി തീർച്ചയായും അഹ്മദികൾക്കും വേണ്ടിയാണ്. ഹുസൂർ പറഞ്ഞു. ഞാൻ തീർച്ചയായും വാഗ്ദത്ത മസീഹായ മിർസാഗുലാം അഹ്മദ് (അ) ന്റെ അനുയായിയാണ്. മറ്റുള്ളവർക്ക് അവർ ആഗ്രഹിക്കുന്നതു പോലെ കരുതാം. ഇവരുടെ ശകാരങ്ങൾക്കും ചീത്ത വാക്കുകൾക്കും പരിഗണന നൽകു കയാണെങ്കിൽ അത്യാവശ്യമായ ദീനി ജോലികൾ ചെയ്യുവാൻ എപ്പോഴാണ് സമയം കിട്ടുന്നത്. ഇസ്ലാമിന് സൽപ്പേ രുണ്ടാകുവാൻ ചിന്തിക്കണ്ടേ ? ഇതേ തുടർന്ന്, ഈ ആഴ്ചയുണ്ടായ ഒരു സംഭവത്തെക്കുറിച്ച് ഹുസൂർ

അനുസ്മരിച്ചു. ഒരു സംഘം അഹ്മദി യുവാക്കൾ റോസ്ഹില്ലിൽ വച്ച് ഹുസൂറിനെ കാണുകയുണ്ടായി. അവർ അദ്ദേഹത്തെ കളിയാക്കിക്കൊണ്ട് ചിലത് പറഞ്ഞു. **" ഖലീഫത്തുല്ലാഹ് "** എന്ന് പറയുന്ന ആളാണ് ഇത്! അവരോട് കോപിഷ്ടാനാകുന്നതിന് പകരം, ഖലീഫത്തുല്ലാഹ് അവരെ സമീപിച്ച് (ഇത് അവരെ ഭയപ്പെടുത്തി) ആ സാഹചര്യം അനുകൂലമാക്കിക്കൊണ്ട് പറഞ്ഞു. ഒരു രീതിയിൽ അവർ അല്ലാഹുവിന്റെ ഖലീഫയാണെന്ന് അംഗീകരിച്ചിരിക്കുകയാണ്. ആയതിനാൽ ബൈ അത്ത് ചെയ്യുവാൻ കൈകൾ തരുവാൻ ആവശ്യപ്പെട്ടു. ഈ യുവാക്കൾ വിഷമിത്തിലകപ്പെട്ടു, ഭയചകിതരായി. ഖലീഫത്തുല്ലാഹ് അവരുടെ തലകളിൽ മെല്ലെ തലോടി, തന്റെ വഴിക്കുപോയി. ഈ ചെറുപ്പക്കാർ ഹുസൂർ (സ) പോകുന്ന വഴിയും നോക്കി നിന്നു. അവർ തികച്ചും സ്തബധരായിപ്പോയി. ഹുസൂർ പറഞ്ഞു ഈ സാഹചര്യവും, അത് നേരിട്ട രീതിയും, സൽഫലങ്ങൾ വിളയിക്കാതിരിക്കില്ല. ഹുസൂർ പറഞ്ഞു. ഇത്തരം സാഹചര്യങ്ങളിൽ മോശമായി പ്രതികരിച്ചാൽ, കോപിഷ്ഠനായി മറുപടി നൽകിയാൽ സംഗതി വളരെ മോശമായ ഫലങ്ങൾ ഉളവാക്കുമായിരുന്നു. തുടർന്ന് ഖലീഫത്തുല്ലാഹ് ടെലിവിഷന്റെയും കമ്പ്യൂട്ടറിന്റെയും ദുസ്വാധീനം എന്ന വിഷയത്തിന്റെ രണ്ടാം ഭാഗത്തിലേക്ക് പ്രവേശിച്ചു.

ടെലിവിഷന്റെ ദുഃസ്വാധീനം എന്ന വിഷയത്തിന്റെ രണ്ടാം ഭാഗത്തിലേക്ക് പ്രവേശിക്കുവാനുള്ള അവസരം അല്ലാഹു (ത) എനിക്ക് പ്രദാനം ചെയ്തിരിക്കുകയാണ്. ടിവിയുടെ സ്വാധീനത്തിലൂടെ ഇസ്ലാമിക വസ്ത്രധാരണ രീതി മാറിക്കൊണ്ടിരിക്കുന്നു. ഇസ്ലാമിക വസ്ത്രധാരണ രീതി അപരിഷ്കൃത രീതിയാണെന്നും പണ്ട് കാലങ്ങളിൽ അത് നന്നായിരുന്നുവെന്നും എന്നാൽ ഇപ്പോൾ ഇത് പ്രായോഗികമല്ല എന്നുമുള്ള നിലയിലേക്ക് ചിലർ എത്തിച്ചേർന്നിരിക്കുന്നു. ഇസ്ലാം സ്ത്രീ പുരുഷ ബന്ധത്തെ നിയന്ത്രിച്ചു നിർത്തിയിരിക്കുന്നു. ആയതിനാൽ നമ്മുടെ സമുദായത്തിന്റെ സാമൂഹ്യ ജീവിതം സംശുദ്ധമായി നിലകൊള്ളുന്നു. വ്യഭിചാരത്തിൽ നിന്നും, സ്വവർഗ്ഗ രതിയിൽ നിന്നും മറ്റു സാമൂഹ്യ രോഗങ്ങളിൽ നിന്നും ദൂരപ്പെട്ടിരിക്കുന്നു. എന്നാൽ ടി വി ഈ നിയന്ത്രണങ്ങൾ ഇല്ലാതാക്കുന്നു, ലൈംഗികത വിതറുന്ന ഫിലിമുകളും, യുവാക്കളെ തങ്ങളുടെ ഇച്ഛകൾ പൂർത്തീകരിക്കുവാൻ നിയമരഹിതവും അധാർമ്മികവുമായ വഴികളിലേക്കും കൊണ്ടെത്തിക്കുന്നു.

മുസ്ലീം പുരുഷന്മാരിലും സ്ത്രീകളിലും ലജ്ജ പരിപോഷിപ്പിക്കുന്ന മതമാണ് ഇസ്ലാം. കാരണം ലജ്ജ പരസ്പര ബഹുമാനത്തെ പരിപോഷിപ്പിക്കുന്ന ഒരു ഗുണമാണ്. മുഹമ്മദ് (സ) നമ്മെ പഠിപ്പിക്കുന്നു. അല്ലാഹു (ത) ലജ്ജയും വിശ്വാസവും ചേർത്ത് നിർത്തിയിരിക്കുന്നു. ഒരുവനിൽ ലജ്ജ ഉള്ളിടത്തോളം, അവനിൽ വിശ്വാസം സജീവമായിരിക്കും. എന്നാൽ ഒരുവനിൽ ലജ്ജ നഷ്ടമായാൽ, അവന്റെ വിശ്വാസം നഷ്ടമാകുന്നു. അവൻ മൃഗത്തെപ്പോലെ പെരുമാറുവാൻ തുടങ്ങുന്നു. ജനങ്ങൾക്ക് ലഭ്യമാകുന്ന വളരെയധികം ടിവി ചാനലുകളുടെയും പ്രവർത്തനം മൂലം മുഹമ്മദ് (സ) യുടെ ഉമ്മത്തിൽ നിന്നും ലജ്ജ എടുത്ത് മാറ്റപ്പെട്ടിരിക്കുകയാണ്.

പണ്ട്, മുസ്ലീം പെൺകുട്ടി ലജ്ജാവതിയായിരുന്നു. അന്യ പുരുഷന്റെ മുമ്പിൽ തലമറയ്ക്കാതെ പ്രത്യക്ഷപ്പെടുന്നത് നാണക്കേടായി കരുതിയിരുന്നു. എന്നാൽ ഇന്നോ, അപരിചിതരെപ്പോലും സ്വീകരിക്കുന്നതിനും, അവരുടെ നടത്തത്തിലൂടെയും സംസാരത്തിലൂടെയും അവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനും അവൾ സന്തുഷ്ടയാണ്. വളരെ മുൻപ്, ഒരു മുസ്ലീം പെൺകുട്ടി, അബദ്ധവശാൽ അവളുടെ തട്ടം തലയിൽ നിന്നോ മാറിടത്തിൽ നിന്നോ മാറിയാൽ ലജ്ജയാൽ അവൾ ചുവന്ന് തുടുക്കുമായിരുന്നു. എന്നാലിന്ന് തലയും മാറും മറയാത്ത ലോല വസ്ത്രങ്ങളണിഞ്ഞ് വീട്ടിൽ നിന്ന് പുറത്തു പോകുന്നത് ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. വിവാഹിതരായ സ്ത്രീകൾ അവരുടെ രാത്രി വസ്ത്രങ്ങളണിഞ്ഞ് ബേക്കറിയിലും, മറ്റ് കടകളിലും പോയി സാധനങ്ങൾ വാങ്ങുന്നത് നിത്യസംഭവങ്ങളാണ്.

സ്കൂളിൽ പോകുന്ന മുസ്ലീം പെൺകുട്ടികളെക്കുറിച്ച് പറഞ്ഞാൽ, അവരുടെ രക്ഷകർത്താക്കളുടെ മുൻപിൽ വച്ച് നീളകുപ്പായവും തട്ടവും അണിഞ്ഞ് പുറപ്പെടുന്നു. എന്നാൽ ബസ് സ്റ്റോപ്പിൽ എത്തുന്നതിന് മുമ്പ് അവരുടെ കുപ്പായവും തലതുണിയും മാറ്റി അവരുടെ സഞ്ചിയിൽ സൂക്ഷിക്കുന്നു. സ്കൂളിൽ പോകുന്ന ഈ പെൺകുട്ടികളുടെ ഈ മോശമായ പെരുമാറ്റം ബസിൽ വച്ചാണോ, സ്കൂളിൽ വച്ചാണോ, ട്യൂഷൻ സെന്ററിലാണോ, പാർക്കുകളിലാണോ, കളി സ്ഥലങ്ങളിലാണോ എന്ന് ഒരാൾക്ക് ഊഹിക്കുവാൻ പോലും കഴിയുകയില്ല. ഈ വിവാഹിതരായ സ്ത്രീകളും, സ്കൂൾ പെൺകുട്ടികളും, ലജ്ജയില്ലാത്ത ഈ പ്രവർത്തനങ്ങൾ

ചെയ്യുമ്പോൾ, ഇതിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും പുരുഷന്മാർക്കുമുണ്ട് എന്നതിൽ ഒരു സംശയവുമില്ല. ഇപ്പോൾ പുരുഷന്മാരുടെ ആണത്വം എന്നത് നഷ്ടപ്പെട്ട ഒരു സാധനമായി മാറിയിരിക്കുകയാണ്. ഇവരുടെ ഭാര്യമാരെയും പെൺമക്കളെയും സഭ്യതയില്ലാത്ത ചിത്രങ്ങൾ കാണാൻ വിടുന്ന ഇവരെ യഥാർത്ഥ ആണുങ്ങളുടെ ഗുണം പകർന്നു നൽകുവാൻ നമുക്ക് കഴിയുമോ ? യഥാർത്ഥ ആണുങ്ങൾ തങ്ങളുടെ ഭാര്യമാർ ബുർഖ അണിയണ്ട എന്ന് പറയുമോ ? പകരം നല്ല നിലയിൽ പർദ്ദ ആചരിക്കുവാൻ പ്രേരിപ്പിക്കുകയേയുള്ളൂ. മോശമായ നിലയിൽ വസ്ത്രം ധരിക്കുന്ന ഭാര്യമാരെയും പെൺമക്കളെയും അവർ ശ്ലാഘിക്കുമോ ? മിനി ഡ്രസ്സ്, ടീ ഷർട്ടുകൾ, ട്രൗസേഴ്സ് തുടങ്ങിയവ അണിയാൻ പറയുമോ ? അങ്ങനെ അണിയാൻ പറയുന്ന പുരുഷന്മാരെ യഥാർത്ഥ ആണുങ്ങളാണ് എന്ന് പറയുവാൻ കഴിയുമോ ? നല്ല ഭർത്താക്കന്മാരാണ് എന്ന് പറയുവാൻ കഴിയുമോ ? നല്ല പിതാക്കന്മാരാണ് എന്ന് പറയുവാൻ കഴിയുമോ ? ചുരുക്കത്തിൽ ടിവിയിലൂടെ മുസ്ലീം പെൺകുട്ടികളിലെ കുലീനത്വം മാത്രമല്ല നഷ്ടമായത്, അവരുടെ സ്ത്രീത്വവും നഷ്ടപ്പെട്ടിരിക്കുന്നു. തൽഫലമായി ഒരു മുസ്ലീം പുരുഷൻ ഇപ്പോൾ കരുതുന്നത് താനൊരു മുസ്ലീം സ്ത്രീയുടെ കൂടെയല്ല കഴിയുന്നത്, മറിച്ച് തന്നെപ്പോലെയുള്ള ഒരു പുരുഷനോടൊപ്പമാണ് കഴിയുന്നത് എന്നാണ് !

അല്ലാഹു (ത) നമ്മെ ഭൂമിയിലേക്ക് നിയോഗിച്ചതിന്റെ കാരണത്തെക്കുറിച്ച് നാം ബോധവാന്മാരായിരിക്കണം എന്ന് പഠിപ്പിക്കുന്ന മതമാണ് ഇസ്ലാം. ഈ ബോധം അല്ലാഹുവിന്റെ കൽപനകൾ അനുസരിച്ച് ജീവിക്കുവാൻ നമ്മെ സഹായിക്കും. ഇന്ന് നിലനിൽക്കുന്ന മോശമായ എല്ലാത്തരം ഗാനങ്ങളും, ഈണങ്ങളും നമ്മുടെ യുവാക്കളെ സമ്പൂർണ്ണമായും ജീർണ്ണതയിലേക്ക് നയിക്കുകയാണ്. ഈ നില അവർ തുടരുകയാണ്. ഈ അശ്ലീല നൃത്തങ്ങൾ തുടരുകയാണ്. ഭൂമിയിലെ അവരുടെ നിലനിൽപ്പിന്റെ യാഥാർത്ഥ്യം അവർ മറന്നു പോയിരിക്കുന്നതിന്റെ ഒരു കാരണം ഇതാണ്. എന്തിനു വേണ്ടിയാണ് അല്ലാഹു അവരെ സൃഷ്ടിച്ചിരിക്കുന്നത് എന്ന യാഥാർത്ഥ്യം മറന്നു പോയിരിക്കുന്നു. ടിവിയെ സംബന്ധിച്ച് പറഞ്ഞാൽ, ഇതിന്റെ എല്ലാ പരിപാടികളിലും ഇരകളായി തീരുന്നത് യുവാക്കളാണ്. വിദൂരതയിലുള്ള സാങ്കല്പിക സ്ഥലങ്ങളിലേക്ക് അവരുടെ മനസ്സുകളെ കൊണ്ടു പോവുകയാണ്. അങ്ങനെ അവരുടെ മനസ്സുകളെ പൂർണ്ണമായും വികലമാക്കിതീർക്കുന്നു.

ഇപ്പോൾ നമ്മുടെ യുവാക്കളും യുവതികളും, സിനിമാ നടൻമാരുടെയും നടിമാരുടെയും രസികർ മാത്രമല്ല സ്ത്രീപുരുഷ ഗായകരുടെയും ഗായികമാരുടെയും രസികരുമാണ്. ഗായകർയുവ ഹൃദയങ്ങളിൽ ഒരു സ്ഥാനം നേടിയെടുക്കുന്നു. അവൻ / അവൾ ഒരു സ്റ്റാറാണ് എന്നാണ് ഇപ്പോൾ പറയുന്നത്. ഖുർആൻ ഹൃദിസ്ഥമാക്കുന്നതിന് പകരം, ഈ യുവ നിര, വിശിഷ്യ അവരുടെ വിശ്രമ വേളകളിൽ, ഈ ഗായകരുടെ പാട്ടുകൾ ഹൃദിസ്ഥമാക്കുന്നു, ഇക്കാര്യത്തിൽ അവർ വളരെ വലിയ താൽപര്യം കാട്ടുകയും ചെയ്യുന്നു. ഗാനാലാപന മത്സരങ്ങളിലും മറ്റും പങ്കെടുക്കുന്നു. സംഗീതമില്ലാതെ, നൃത്തമില്ലാതെ അവർക്ക് ജീവിക്കുവാൻ കഴിയില്ല എന്നവസ്ഥയോളം എത്തിക്കുന്നു.

നമ്മുടെ നയനങ്ങൾ താഴ്ത്തുവാൻ ഇസ്ലാം പഠിപ്പിക്കുന്നു; അങ്ങനെയായാൽ നമ്മുടെ ഹൃദയങ്ങൾ ദുഷ്ചിന്തകളിൽ നിന്നും സംരക്ഷിക്കപ്പെടും. ഒരു മുസ്ലീം തന്റെ നയനങ്ങൾ എത്രത്തോളം താഴ്ത്തുന്നുവോ അത്രത്തോളം അവന് ഹൃദയ സമാധാനം ആസ്വദിക്കുവാൻ കഴിയും. അതുപോലെ സ്ക്രീനിലെ നടീ നടന്മാരുടെ സൗന്ദര്യത്തിൽ എത്രത്തോളം ഒരുവൻ ആകൃഷ്ടനാവുന്നുവോ അത്രത്തോളം അല്ലാഹുവിനെ അനുസരിക്കാതിരിക്കുവാനുള്ള  ഇച്ഛകൾ അവനിൽ ഇളക്കി വിടുന്നു. നിങ്ങളുടെ നയനങ്ങൾ താഴ്ത്തുകയാണെങ്കിൽ നിങ്ങൾക്ക് എങ്ങനെയാണ് ടിവി കാണുവാൻ കഴിയുന്നത് ? സ്ക്രീനിലൂടെ അധാർമ്മികതയും, അശ്ലീലവും നിങ്ങളിലും നിങ്ങളുടെ കുട്ടികളിലും പ്രവേശിക്കുന്നു. ഇസ്ലാം ഒരു ദിവസം അഞ്ചു സമയങ്ങളിൽ പ്രാർത്ഥിക്കുവാൻ കൽപ്പന പുറപ്പെടുവിക്കുക മാത്രമല്ല ചെയ്യുന്നത്, ഈ 5 സമയ പ്രാർത്ഥനകൾ കൃത്യ സമയത്തും സംഘടിതവുമായി പള്ളിയിൽ വച്ച് നിർവ്വഹിക്കുവാൻ കല്പിക്കുകയുണ്ടായി. ടിവിയ്ക്ക് നിങ്ങളുടെ പ്രാർത്ഥനകൾ പൂർണ്ണമായും ഉപേക്ഷിക്കുവാൻ കഴിയില്ലെങ്കിൽ പോലും, നിശ്ചിത സമയത്ത് പള്ളിയിൽ പോയി നമസ്ക്കരിക്കുന്നതിന് തടയിടുവാൻ അതിന് കഴിയും. ഇപ്പോൾ സിനിമകളൊക്കെ ആരംഭിക്കുന്നത് പ്രാർത്ഥനാ സമയങ്ങളിലാണ്. ജനങ്ങളെ പ്രാർത്ഥനാലയങ്ങളിൽ നിന്ന് കൃത്യ സമയത്ത് തടയുക, എത്ര മുസ്ലീങ്ങളാണ് ഫുഢ്ബോൾ മാച്ചിനുവേണ്ടി, ജമാഅത്ത് നമസ്ക്കാരത്തിന് പള്ളിയിൽ പോകാതിരിക്കുന്നത് ? രാത്രി വളരെ വൈകിയും ടിവി കണ്ടുകൊണ്ടിരിക്കുന്ന എത്ര മുസ്ലീങ്ങളാണ് ഉള്ളത്. അവർക്ക്

പ്രഭാത നമസ്ക്കാരം കൃത്യസമയത്ത് ജമാഅത്തായി നിർവ്വഹിക്കുവാൻ കഴിയാതെ വരുന്നത് ? ഈ പ്രതി കൂല സാഹചര്യങ്ങളിൽ നിങ്ങളുടെ ഹൃദയം മരിക്കുന്നില്ലെങ്കിൽ, പിന്നെ എപ്പോഴാണ് മരിക്കുന്നത് ? ഇസ്ലാം നമ്മെ പഠിപ്പിക്കുന്നു. നിങ്ങൾ അല്ലാഹുവിനെ ധാരാളമായി സ്മരിക്കുക. അങ്ങനെയായാൽ നിങ്ങളുടെ ഹൃദയം ജീവനുള്ളതായിരിക്കും.

ടിവിയുടെ മറ്റൊരു ദൂഷ്യവശം ടിവി കാണുമ്പോൾ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്നും നിങ്ങളെ തടയുക മാത്രമല്ല, അല്ലാഹുവിനെപ്പറ്റി ചിന്തിക്കുന്നതിൽ നിന്നും നിങ്ങളെ എപ്പോഴും തടയുന്നു. പകൽ സമയം (അല്ലാഹുവിന് പകരം) കഴിഞ്ഞ രാത്രിയിൽ ഏത് പരിപാടിയാണ് ഞാൻ കണ്ടത്, ഇന്ന് ഏത് സിനി മയാണ് രാത്രിയിലുള്ളത്. ഇത്തരം ചിന്തകൾ നിങ്ങളെ മഥിച്ചുകൊണ്ടിരിക്കും. ആളുകൾ ഇത്തരം സിനിമ കൾ കണ്ടുകൊണ്ടിരിക്കുമ്പോൾ, അവർ അതിൽ മുഴുകിയിരിക്കുന്നുണ്ടാവും ! അവരോട് എന്തെങ്കിലും പറഞ്ഞാൽ അവർ ഒന്നും കേൾക്കുന്നുണ്ടാവില്ല. യുവാക്കളെ വഴിതെറ്റിക്കുന്ന ടിവിയുടെ ദുസ്വാധീനങ്ങൾ ഇവയൊക്കെയാണ്. എനിക്കുറപ്പുണ്ട് അവർ സ്നേഹിതരുമായി കണ്ടുമുട്ടുമ്പോൾ, അവർ കണ്ട സിനിമ കളെക്കുറിച്ചാണ് സംസാരിക്കുന്നത്, ഇനി ഒരു സ്നേഹിതൻ ഒരു സിനിമ കണ്ടിട്ടില്ലെങ്കിൽ, വിവരണങ്ങൾക്ക് മേൽ വിവരണം നൽകി അവന് നഷ്ടമായത് നികത്തിക്കൊടുക്കുന്നു. ടിവി സിനിമകളോടൊപ്പം വിലയായി ലഭിക്കുന്ന വി.സി.ഡി, ഡി.വി.ഡി. സിനിമകളും അവർ ഇവയ്ക്ക് പുറമെ കാണുന്നു.

അവരുടെ ഭവനങ്ങളെ ഒരു സിനിമാ ഹാളാക്കി മാറ്റിയിരിക്കുകയാണ്. അവിടെ അൽപം പോലും അനുഗ്രഹമില്ല എന്ന് നാം അറിയണം. അവർക്ക് ദൈവീക അനുഗ്രഹങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയോ നിർബന്ധ നമസ്ക്കാരം നിർവ്വഹിക്കുകയോ ചെയ്യാത്ത എത്രയോ ഭവന ങ്ങളാണുള്ളത് ! അവിടെ ദൈവ സ്മരണയില്ല, ഇസ്ലാമിക അധ്യാപനങ്ങളുമില്ല. ഇത്തരം രക്ഷകർത്താക്കൾ ഇസ്ലാമിനെക്കുറിച്ച് പഠിക്കുവാൻ അവരുടെ കുട്ടികളെ പ്രേരിപ്പിക്കുന്നതെങ്ങനെയാണ് ? പള്ളിയിലെ പരി പാടികളിൽ പങ്കെടുപ്പിക്കുന്നില്ല. അല്ലാഹുവിന്റെ വചനങ്ങൾ ശ്രദ്ധിക്കുന്നില്ല. തഹജ്ജുദ് നമസ്ക്കാരവും മറ്റു പ്രാർത്ഥനകളും അവർക്കന്യമാണ്. തഹജ്ജുദ് നമസ്ക്കാര ശേഷം ഫജ്ർ നമസ്ക്കാരമുണ്ട്. ഇത്തരം രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ, നിർബന്ധമായും സ്വമനസ്സാലെയും ചെയ്യേണ്ടുന്ന പ്രാർത്ഥനകൾക്ക് പ്രോത്സാഹനം നൽകുന്നില്ല. പരിഭാഷയോടുകൂടി എല്ലാ ദിവസവും രണ്ട് ഖണ്ഡിക ഖുർആൻ പാരായണം ചെയ്യുവാൻ അവരെ ഉപദേശിക്കുന്നില്ല.

ആത്മീയതയുമായി ഈ രക്ഷകർത്താക്കൾക്ക്, ഇക്കാലത്ത് യാതൊരു ബന്ധവുമില്ല. പിന്നെങ്ങനെ യാണ് അവരുടെ സന്താനങ്ങളെ ആത്മീയതയുമായി ചേർത്തു നിർത്തുവാൻ സാധിക്കുക. ഇത്തരം രക്ഷ കർത്താവിനെ സംബന്ധിച്ചിടത്തോളം, തന്റെ മകന് ഒരു നല്ല ജോലികിട്ടിയാൽ, വണ്ടി ഓടിക്കുന്നതാകട്ടെ, നിത്യവും രൂപ വീട്ടിൽ കൊണ്ടു വരുന്നു, അവൻ അധാർമ്മികമായതും, അശ്ലീലമായതുമായ ജീവിതമാണ് നയിക്കുന്നതെങ്കിൽ പോലും - അനിസ്ലാമിക വസ്ത്രമാണെങ്കിലും- ആ രക്ഷകർത്താവിനെ സംബന്ധിച്ചിട ത്തോളം ഇതൊന്നും പ്രശ്നമല്ല കാരണം അവൻ ഭൗതികമായി നല്ല നിലയിലാണ്. തങ്ങളുടെ സന്താനങ്ങളെ നേർവഴിയിൽ നടത്താൻ കഴിയാത്ത ഈ രക്ഷകർത്താക്കൾക്ക് സർവ്വ നാശം ! ഈ കുട്ടികൾ തെറ്റായ പാത യിലായതിന് ഈ രക്ഷകർത്താക്കൾക്ക് അവരുടേതായ ഉത്തരവാദിത്വമുണ്ട്. അവർ കുട്ടികളായിരുന്നപ്പോൾ, അവരെ ഉണർത്തുവാനും ആത്മീയതയിലേക്ക് കൈപിടിച്ചു നടത്തുവാനും അവർ തയ്യാറായില്ല. അഞ്ചു നേരം നമസ്ക്കാരം നിർവ്വഹിക്കുവാൻ അവരെ പ്രേരിപ്പിച്ചില്ല. ഖുർആൻ ഓതാൻ സഹായിച്ചില്ല. ദിക്ർ പഠി പ്പിച്ചില്ല. കലിമ പഠിപ്പിച്ചില്ല, ദു ആ പഠിപ്പിച്ചില്ല, നിദ്രയിൽ പോകുന്നതിനുമുമ്പ് അല്ലാഹുവിന്റെ ഗുണവിശേഷ ങ്ങൾ ഉരുവിട്ടില്ല. ഒരു കർഷകനെപ്പോലെ, ഒരു ചെടി നട്ടാൽ അത് നല്ല നിലയിൽ വളരുന്നു എന്ന് ഉറപ്പു വരുത്തണം, അത് ശ്രദ്ധിച്ചില്ലെങ്കിൽ അതിന്റെ ശിഖരങ്ങൾ തോന്നിയ നിലയിൽ പോകും, ഒരു നിയന്ത്രണവു മില്ലാതെ ! ആ ചെടിയെ നേരെയാക്കേണ്ടതല്ലേ ? അങ്ങനെയായാൽ അത് നല്ല നിലയിൽ വളരും. അതിന്റെ ശിഖരങ്ങളെ ഏത് നിലയ്ക്ക് നിയന്ത്രിക്കണമെന്നും അവനറിയും.

നിങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസം സ്കൂളിലോ, മദ്രസയിലോ അല്ല ആരംഭിക്കുന്നത്. ഇത് നിങ്ങളിൽ നിന്നു തന്നെയാണ് ആരംഭിക്കേണ്ടത്. അവരുടെ പ്രഥമാദ്ധ്യാപകർ നിങ്ങൾ തന്നെയാണ്. അവന്റെ പ്രഥമാദ്ധ്യാപനം നൽകേണ്ടത് നിങ്ങൾ തന്നെയാണ്. മറ്റാരുമല്ല. ആയതിനാൽ എന്റെ സന്ദേശം മനസ്സിലാക്കുവാൻ ശ്രമിക്കുക. അതോടൊപ്പം എന്റെ വെള്ളിയാഴ്ച ഖുത്തുബ ഇവിടെ അവസാനിക്കുന്നില്ല. അല്ലാഹു അനുഗ്രഹിച്ചാൽ ഇതിന്റെ മൂന്നാം ഭാഗം അടുത്ത വെള്ളിയാഴ്ച ഇൻശാ അല്ലാഹ് ! ആമീൻ.

**ചെന്നൈ വെള്ളപ്പൊക്കം**

**2015 നവംബർ ആദ്യ ആഴ്ചയിൽ, സൗത്ത് ഇന്ത്യയിൽപ്പെട്ട ചെന്നൈയിൽ ഉണ്ടായ ഒരു വലിയ വിപത്തിന് നാം സാക്ഷികളായിരിക്കുകയാണ്. മഴയുടെ കാഠിന്യവും ജലസംഭരണികളുടെ കവിഞ്ഞൊഴുകലും ചെന്നൈയുടെ വിവിധ ഭാഗങ്ങളിൽ വലിയ വെള്ളപ്പൊക്കത്തിനിടയായി. രണ്ടായിരത്തി പതിനഞ്ച് ഡിസംബർ 11 വരെ ശക്തമായ വെള്ളപ്പൊക്കം തുടരുകയുണ്ടായി. 280 – ഓളം ആളുകൾ മരണപ്പെട്ടു. ആയിരക്കണക്കിന് ആളുകൾ തകർന്ന വീടുകളിൽ നിന്ന് പോകേണ്ടി വന്നു. ദുരിതപൂർണ്ണമായ ഈ സമയത്ത്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും ഈ വിനീതനും, ദുരിതത്തിൽ മരണപ്പെട്ടവർക്ക് വേണ്ടിയും, വീടുപേക്ഷിക്കേണ്ടി വന്നവർക്കുമായി, ഈ ദുരിത പൂർണ്ണമായ അവസ്ഥ നീക്കം ചെയ്യുവാനും, അന്തേ വാസികൾക്ക് മാപ്പ് ചെയ്യുവാനും അവരെയും അവരുടെ സന്തതികളെയും അല്ലാഹുവിനെ അനുസരിക്കുന്നതിലൂടെ ഒരു നല്ല ഭാവിയിലേക്ക്, നയിക്കുവാനായി അല്ലാഹുവിനോട് കേണപേക്ഷിക്കുന്നു. ഇൻശാ അല്ലാഹ് ആമീൻ !.**


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*